സ.ഉ.(സാധാ) നം.221/2022/HEDN

14/2/22

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസവകുപ്പ് - WP (C ) No. 23209/2021, W P (C ) No. 23432/2021 നമ്പർ റിട്ട് പെറ്റിഷനുകളിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.221/2022/HEDN തീയതി,തിരുവനന്തപുരം, 07-02-2022

---

Ad | PID | DPE | KANNUR UNIVERSITY | Fin | SDE | 14 FEB 2022 | Exam | No. 2997 | Misc | PF | RTI | DSS

പരാമർശം:-

1. 17.06.2021 ലെ സ.ഉ. (സാധാ) നം. 800/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 14.07.2021 ലെ സ.ഉ.(സാധാ) നം. 912/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. 29.07.2021 ലെ സ.ഉ.(സാധാ) നം. 971/2021 ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
4. 12.10.2021 ലെ സ.ഉ.(സാധാ) നം. 1357/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
5. WP (C ) No. 23209/2021 , W P (C ) No. 23432/2021 എന്നീ കേസുകളിന്മേലുള്ള ബഹു. കേരള ഹൈക്കോടിതിയുടെ 09.11.2021 ലെ വിധി.
6. 'ബി.എഡ് കോളേജ് മാനേജ്മേഴ്സ് അസോസിയേഷൻ - സെൽഫ് ഫിനാൻസിങ്' ജനറൽ സെക്രട്ടറിയുടെ 23.11.2021 ലെ അപേക്ഷ
7. 'കേരള സെൽഫ് ഫിനാൻസിങ് ടീച്ചർ എഡ്യൂക്കേഷൻ കോളേജസ് മാനേജ്മെന്റ് അസോസിയേഷൻ' പ്രസിഡന്റ് സമർപ്പിച്ച 13.12.2021 ലെ അപേക്ഷ.

ഉത്തരവ്

സംസ്ഥാന സ്വാശ്രയ ബി.എഡ് കോഴ്സിന്റെ ഫീസ് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം 1 & 4 പ്രകാരമുള്ള ഉത്തരവുകൾ ചോദ്യം ചെയ്തുകൊണ്ട് 'ബി.എഡ് കോളേജ് മാനേജ്മേഴ്സ് അസോസിയേഷൻ - സെൽഫ് ഫിനാൻസിങും', 'കേരള സെൽഫ് ഫിനാൻസിങ് ടീച്ചർ എഡ്യൂക്കേഷൻ കോളേജസ് മാനേജ്മെന്റ് അസോസിയേഷനും' ബഹു. കേരള ഹൈക്കോടതിയിൽ WP (C ) No. 23209/2021 , W P (C ) No. 23432/2021നമ്പർ റിട്ട് ഹർജികൾ ഫയൽ ചെയ്തിരുന്നു.

2. ബി.എഡ് കോഴ്സിന്റെ ഫീസ് വർദ്ധിപ്പിക്കുന്നതിനായി പരാമർശം 2 & 3 ഉത്തരവുകൾ പ്രകാരം സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശയ്ക്കനുസൃതമായി 50% മെറിറ്റ് വിദ്യാർത്ഥികൾക്ക് 45,000/- രൂപയും (നാല്പത്തി അയ്യായിരം രൂപ), ബാക്കി 50% മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് 60,000/- രൂപയും (അറുപതിനായിരം രൂപ) വാർഷിക ട്യൂഷൻ ഫീസായി 01.01.2022 തീയതി മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചുകൊണ്ട് ബഹു. കേരള ഹൈക്കോടതി പരാമർശം 5 പ്രകാരം ഉത്തരവായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.01.2022 മുതൽ മാത്രമേ വിദ്യാർത്ഥികളിൽ നിന്നും പുതിയ നിരക്കിൽ ഫീസ് ഈടാക്കുവാൻ പാടുള്ളൂ എന്ന നിബന്ധനയ്ക്ക് വിധേയമായി താഴെ പറയും പ്രകാരം സ്വാശ്രയ ബി.എഡ് കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു :

- 50% മെറിറ്റ് വിദ്യാർത്ഥികൾക്ക് - Rs. 45,000/- (നാല്പത്തി അയ്യായിരം രൂപ)
- ബാക്കി 50% മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് - Rs. 60,000/- (അറുപതിനായിരം രൂപ)

4. ബഹു. കേരള ഹൈക്കോടിതിയുടെ WP (C ) No. 23209/2021 , WP(C) No. 23432/2021 എന്നീ കേസുകളിന്മേലുള്ള 09.11.2021 ലെ വിധിന്യായം ഇപ്രകാരം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ജനറൽ സെക്രട്ടറി, ബി.എഡ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സെൽഫ് ഫിനാൻസിങ് , സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, റ്റി.സി 25/168 (8), പണയറവിളാകം പുളിമൂട്, തിരുവനന്തപുരം-695001
3. പ്രസിഡന്റ്, കേരള സെൽഫ് ഫിനാൻസിങ് ടീച്ചർ എഡ്യൂക്കേഷൻ കോളേജസ് മാനേജ്മെന്റ് അസോസിയേഷന്, എം.സി.ടി ട്രെയിനിങ് കോളേജ്, മേൽമുറി, മലപ്പുറം - 676514
4. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, നുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
5. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)

7. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Jayakumar

സെക്ഷൻ ഓഫീസർ

പകർപ്പ് :

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി .എ-യ്ക്ക്